Malappuram District Police

# 11.08.2017 ചങ്ങരംകുളം

സംസ്ഥാനത്തിന്റെ വിവിധ സ്ഥലങ്ങളിലെ കവർച്ചക്കേസുകളിലെ മുഖ്യപ്രതിയെയും സഹായിയെയും ചങ്ങരംകുളം പോലീസ് പിടികൂടി.

മുഖ്യപ്രതിയായ കൊല്ലം കരുനാഗപ്പള്ളി വിളയിൽ പടിയത്തിൽ നജിമുദ്ദീനെ (നജീം-46) എടപ്പാളിൽ വെച്ചും സഹായി ഷഹീറിനെ തൃശ്ശൂർ പഴയന്നൂരിൽ വെച്ചുമാണ് ചങ്ങരംകുളം എസ്.ഐ കെ.പി. മനേഷിന്റെ നേതൃത്വത്തിലുള്ള പോലീസ് സംഘം അറസ്റ്റ്ചെയ്തത്.

കഴിഞ്ഞദിവസം രാത്രി 12 മണിയോടെ എടപ്പാൾ അണ്ണക്കമ്പാട് ക്ഷേത്രത്തിനുസമീപം നജീമിനെ സംശയാസ്പദമായ രീതിയിൽ കണ്ടതിനെത്തുടർന്ന് പിടികൂടി പരിശോധിച്ചപ്പോൾ ഇയാളുടെ ബാഗിൽനിന്ന് ലാപ്ടോപ്പും കളവിന് ഉപയോഗിക്കുന്ന സാധനങ്ങളും കണ്ടെത്തി. തുടർന്ന് കസ്റ്റഡിയിലെടുത്ത് ചോദ്യംചെയ്തപ്പോഴാണ് സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ വീടുകൾ കേന്ദ്രീകരിച്ച് മോഷണം നടത്തിവന്ന കേസിലെ പ്രതിയാണെന്ന് മനസ്സിലായത്. ഇയാളിൽനിന്ന് ലഭിച്ച വിവരത്തിന്റെ അടിസ്ഥാനത്തിലാണ് സഹായി ഷഹീറിനെ പഴയന്നൂരിലെ താമസസ്ഥലത്തുനിന്ന് അറസ്റ്റ്ചെയ്തത്.

കൊല്ലം, കരുനാഗപ്പള്ളി, പത്തനംതിട്ട, ശൂരനാട്, കായംകുളം, ഹരിപ്പാട്, മാവേലിക്കര തൃശ്ശൂർ, വാടാനപ്പള്ളി തുടങ്ങി സംസ്ഥാനത്തെ വിവിധ സ്റ്റേഷനുകളിലായി അമ്പതിലധികം മോഷണക്കേസുകളിൽ പ്രതികളാണ് പിടിയിലായവരെന്ന് അറിവായിട്ടുണ്ട്.